**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4468 — 13.11.2019-ൽ മറുപടിയ്ക്ക്

**ചെങ്ങന്നൂർ മണ്ഡലത്തിലെ വനവൽക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെങ്ങന്നൂർ മണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; ആയതിനായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ പരിധിയിൽ വരുന്ന ചെങ്ങന്നൂർ മണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് , മണ്ഡലത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും മറ്റും ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി എന്റെ മരം, നമ്മുടെ മരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വെൺമണി സെൻറ് തോമസ് കോളേജ്, ആല എസ്.എൻ. ഹൈസ്കൂൾ, തിരുവൻവണ്ടൂർ ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ് പദ്ധതി മുഖേന തൈകൾ നട്ടുപിടിപ്പിക്കുകയുണ്ടായിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17,35,152/- രൂപ ആകെ ചെലവഴിച്ചിട്ടുള്ളതാണ്. |
| ബി) മണ്ഡലത്തിലൂടെ ഒഴുകുന്ന പമ്പ, അച്ചൻകോവിൽ, വരട്ടാർ തുടങ്ങിയ ജലാശയങ്ങളുടെ തീരങ്ങളിൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ ? | ബി) 2019-ൽ പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെയും അതിന്റെ കൈവഴികളുടെയും തീരത്ത് സോഷ്യൽ ഫോറസ്ട്രിയും, ജില്ലാ ഭരണകൂടവും, പഞ്ചായത്തുകളും സംയുക്തമായി 25,000 മുളത്തൈകൾ നട്ട് പിടിപ്പിച്ച് പരിപാലിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

12